(സി) അർഹതപ്പെട്ടവർക്ക് പുതിയ റേഷൻകാർഡുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) ഇല്ല. സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ് നൽകുന്നതിന് നിലവിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല.

(സി) സംസ്ഥാനത്ത് അർഹതയുള്ള ആളുകൾക്ക്/കുടുംബങ്ങൾക്ക് പുതിയ റേഷൻ കാർഡ് നൽകാനുള്ള അധികാരം താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ആഫീസർമാർക്കാണ്. റേഷൻ കാർഡ് ലഭിക്കുന്നതിന്, നിലവിൽ റേഷൻ കാർഡിൽ പേരുള്ള ആളുകൾ പ്രസ്തുത പേരുകൾ കുറവു ചെയ്ത്/സറണ്ടർ ചെയ്തു സാക്ഷ്യപത്രത്തോടൊപ്പം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽനിന്ന് വാങ്ങിയ റസിഡൻഷ്യൽ സർട്ടിഫിക്കറ്റും റിലേഷൻ ആഫീസിൽ ഹാജരാക്കണം. നിലവിൽ റേഷൻ കാർഡിൽ പേരില്ലാത്തവർ മേൽപ്പറഞ്ഞ രേഖകൾക്കൊപ്പം പഞ്ചായത്ത് പ്രസിഡന്റ്/എം.എൽ.എ/എം.പി. എന്നിവരിൽ ആരെങ്കിലും നൽകുന്ന റേഷൻകാർഡിൽ പേരില്ല എന്നു തെളിയിക്കുന്ന സാക്ഷ്യപത്രം കൂടി ഹാജരാക്കണം. മേൽപ്പറഞ്ഞ രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷിച്ചാൽ അർഹരായ എല്ലാവർക്കും അനേഷണ വിധേയമായി പുതിയ റേഷൻ കാർഡ് ലഭിക്കുന്നതാണ്. ഇപ്പോൾ ഓൺലൈനായി അപേക്ഷിക്കാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

ലീഗൽ മെട്രോളജി രജിസ്റ്റർ ചെയ്ത കേസ്സുകൾ

88 (1662) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അളവിലും തൂക്കത്തിലും കൃത്രിമം കാണിച്ചതുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ലീഗൽ മെട്രോളജി വകുപ്പ് സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ എത്ര പേർക്കെതിരെ ശിക്ഷാ നടപടി എടുത്തിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) കൃത്രിമം കണ്ടെത്തുന്നതിന് കൂടുതൽ റെയിഡുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 58389 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 58389 കേസ്സുകൾ രജിസ്റ്റർ ചെയ്തതിൽ 58101 അപരാധികളിൽ നിന്നും 5,15,70,660 രൂപ പിഴയായി ലീഗൽ മെട്രോളജി വകുപ്പ് ഈടാക്കിയിട്ടുണ്ട്. 156 കേസ്സുകൾ കോടതിഹയൽ ചെയ്യുകയും, അവയിൽ 73 കേസുകളിൽ അപരാധികളെ കോടതി ശിക്ഷിക്കുകയും 83 കേസ്സുകളിൽ കോടതി നടപടി തുടർന്നു വരികയും ചെയ്യുന്നു. ബാക്കിയുള്ള 132 കേസ്സുകളിൽ വകുപ്പുതല നടപടികൾ തുടർന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) താലൂക്ക് തലത്തിൽ ലീഗൽ മെട്രോളജി ഇൻസ്പെക്ടർമാരും, ജില്ലാതലത്തിൽ അസിസ്റ്റന്റ് കൺട്രോളർമാരും ജില്ലകളിലെ ഫ്ളൈയിംഗ് സ്ക്വാഡുകളും, ഇപ്പോൾത്തന്നെ നിരന്തരം പരിശോധനകൾ നടത്തി വരുന്നുണ്ട്. ഇവയ്ക്കുപുറമെ ഓരോ ആഴ്ചയിലും പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ചും പരിശോധനകൾ നടത്തിവരുന്നു.

വെച്ചൂർ പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി

89 (1664) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെച്ചൂർ പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) നിലവിലുള്ള 'വെച്ചൂർ' പശുക്കളുടെ എണ്ണം വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ ജില്ലകളിൽ എവിടെയൊക്കെയാണ് ഇപ്പോൾ പ്രസ്തുത പശുക്കൾ ഉള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എല്ലാ താലൂക്കുകളിലും ഈ പശുക്കളുടെ പ്രദർശനം സംഘടിപ്പിക്കുന്നതിന് തീരുമാനം കൈക്കൊള്ളുമോ ?

ഉത്തരം

(എ) സ്വീകരിക്കാവുന്നതാണ്.

(ബി) 2007-ലെ സെൻസസ് പ്രകാരം 160 എണ്ണം.

(സി) കോട്ടയം, തൃശ്ശൂർ, കൊല്ലം എന്നീ ജില്ലകളിലാണ് വെച്ചൂർ പശുക്കളുള്ളത്.

(ഡി) സംസ്ഥാന ജില്ലാതല പ്രദർശനങ്ങളിൽ വെച്ചൂർ പശുക്കളെ ഉൾപ്പെടുത്താറുണ്ട്. പശുക്കളുടെ എണ്ണം പരിമിതമായതിനാൽ എല്ലാ താലൂക്കുകളിലും പ്രദർശനം സംഘടിപ്പിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

കൊല്ലം ജില്ലയിലെ ക്ഷീരകർഷകർക്ക് കാലതാമസം കൂടാതെ പെൻഷൻ നൽകാൻ നടപടി

90 (1666) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷക പെൻഷനുവേണ്ടി കൊല്ലം ജില്ലയിൽ നിന്ന് നാളിതു വരെ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട് ; ബ്ലോക്ക് തലത്തിലുള്ള വിശദാംശം അറിയിക്കുമോ ;

(ബി) ഇതിൽ എത്ര കർഷകർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട് ; ആയതിന്റെ വിതരണം നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly